പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1984 | | 11.06.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സർക്കാർ ഓഫീസുകളിൽ ഹരിത ചട്ടം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അനിൽ അക്കര | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | എല്ലാ സർക്കാർ ഓഫീസുകളിലും ഹരിത ചട്ടം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കമോ; | (എ) | 05.10.2017 ലെ സ.ഉ.(സാധാ) നം.3214/2017/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പബ്ലിക്ക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ സർക്കാർ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ് ജില്ലാ കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ നടത്തപ്പെടുന്ന എല്ലാത്തരം ചടങ്ങുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ 04.05.2018 ലെ 176/ഡി.സി.1/18/തസ്വഭവ നമ്പർ സർക്കുലറുമനുസരിച്ച് 2018 ലോക പരിസ്ഥിതി ദിനത്തിന് മുമ്പായി ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | സർക്കാർ പരിപാടികളിൽ ഫ്ലക്സ് ബോർഡുകൾ പൂർണ്ണമായും ഒഴിവാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | 14.02.2018 ലെ സി2/274/2017/ഐ & പി.ആർ.ഡി സർക്കുലർ പ്രകാരം സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഹരിതചട്ടം നടപ്പിലാക്കുവാൻ തീരുമാനിച്ചശേഷം സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ആയിരക്കണക്കിന് ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിസ്ഥിതിക്ക് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. എന്നാൽ സർക്കാർ വാടകയ്ക്ക് എടുത്തിരുന്ന ഹോർഡിംഗുകളിൽ പരസ്യം സ്ഥാപിക്കുന്ന പക്ഷം അവ പ്രകൃതി സൗഹാർദപരമായി റിസൈക്കിൾ ചെയ്യണമെന്ന് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സർക്കാർ ജീവനക്കാരുടെ സംഘടനകൾ സമരങ്ങളുടെയും സമ്മേളനങ്ങളുടെയും പ്രചരണാർത്ഥം ഓഫീസുകളിൽ ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് നിരോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് നിരോധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നതിന് പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയിട്ടില്ല എങ്കിലും ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഔദ്യോഗിക തലങ്ങളിലും, വ്യക്തി ജീവിതങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ പാലിക്കുന്നതിനുള്ള ശീലം ഉണ്ടാക്കുന്ന തരത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിവിധ സംഘടനകളിലെ അംഗങ്ങൾക്കും പരിശീലനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ